# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5270 01-07-2019 ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

**ശ്രീ. റോഷി അഗസ്റ്റിൻ** **ഡോ. ടി.എം. തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

**ഇടുക്കി പാക്കജിന്റെ തുടർനടപടികൾ**

| | | |
|---|---|---|
| (എ) | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അഞ്ഞൂറ് കോടി രൂപയുടെ ഇടുക്കി പാക്കേജിന്റെ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | സമഗ്രതല സ്പർശിയായ ഒരു മേഖല വികസന പരിപാടിയാണ് ഇടുക്കി പാക്കേജ്. ഇടുക്കി ജില്ലയിൽ മൂന്ന് വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട 5000 കോടി രൂപയുടെ പാക്കേജാണിത്. സംസ്ഥാനവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ പദ്ധതികൾ, റീ-ബിൽഡ് കേരളാ ഇനിഷ്യേറ്റീവ്, കിഫ്ബി എന്നീ സ്രോതസ്സുകളിൽ നിന്ന് സ്കീമുകൾ സംയോജിപ്പിച്ചായിരിക്കും പാക്കേജിന് രൂപം നൽകുന്നത്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ചാണ് പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നത്. പാക്കജിലുൾപ്പെട്ട വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. |

**അക്കൗണ്ട്സ് ഓഫീസർ**